# ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

**ISO 9001-2015 സ്ഥാപനം**



# ബജറ്റ് 2023-24



# ഇളംദേശം

# ബ്ലോക്ക് പഞ്ചായത്ത്

**(ISO 9001-2015)**

## ബഡ്ജറ്റ് 2023 –24

**തീയതി - 21/03/2023**

## ബഡ്ജറ്റ് ഹൈലൈറ്റ്സ്

- കാർഷികമേഖലക്കായി നൂതന പദ്ധതികൾ.
- ലൈഫ് പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ.
- പട്ടികജാതി/പട്ടികവർഗ്ഗ വികസനം.
- ആരോഗ്യമേഖലക്കായി പാലിയേറ്റീവ് പദ്ധതികളും ബ്ലോക്ക് FHC യിൽ സായാഹ്ന ഒ.പി.യും.
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്.
- ക്ഷീരകർഷകർക്ക് ഇൻസെന്റീവും വനിതാ ക്ഷീരകർഷകർക്ക് മിനി ഡയറിഫാം ആധുനികവൽക്കരണവും.
- ശുചിത്വമേഖലയിൽപ്പെടുത്തി സ്കൂളുകളിൽ സാനിറ്റേഷൻ സൗകര്യം വർദ്ധിപ്പിക്കൽ.
- പുതിയ കുടിവെള്ള പദ്ധതികൾക്കായി വിവിധ പ്രോജക്ടുകൾ.
- ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് അംഗൻവാടികളിൽ പോഷകാഹാര വിതരണം.
- 2023-24 വാർഷിക പദ്ധതിയിൽപ്പെടുത്തി പശ്ചാത്തല മേഖലയിൽ 63 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ.
- വനിതാ സ്വയംസഹായസംഘങ്ങൾക്ക് ധനസഹായം
- ജീവിതശൈലി രോഗങ്ങൾക്ക് പരിഹാരമായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വിവിധ യോഗപരിശീലന കേന്ദ്രങ്ങൾ.
- ABC പ്രോജക്ടിനുകീഴിൽ തെരുവ്നായകളുടെ നിയന്ത്രണത്തിന് പദ്ധതി.

# ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്, ബഡ്ജറ്റ് 2023-24



സുഹൃത്തുക്കളെ,

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പഖ്യാപന കമ്മറ്റിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

നമ്മുടെ നാടിന്റെ സമഗ്രവികസനം എന്ന ലക്ഷ്യം മുൻ നിർത്തി പ്രവർത്തിക്കുന്ന തിന്റെ ഭാഗമാണ് ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ ഇന്ന് കാണുന്ന വികസന പദ്ധതികൾ. കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് സംസ്ഥാനതലത്തിൽ ശ്രദ്ധ ആകർഷി ക്കാൻ കഴിഞ്ഞ ബ്ലോക്ക് പഞ്ചായത്തായി നമുക്ക് മാറുവാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. മുൻ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച ഫണ്ടുകൾ യഥാർത്ഥ ഗുണ ഭോക്താക്കളിൽ തന്നെ എത്തിക്കുവാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തോടെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് ഇന്ന് അവതരിപ്പിക്കുകയാണ്. പുതുമയാർന്നതും സമൂഹത്തിന് ഗുണപരവുമായ വിവിധ പദ്ധതികൾ 2023-24 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടു ത്താൻ സാധിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നും വികസന സെമിനാറിൽ നിന്നും ഉരുത്തി രിഞ്ഞ പദ്ധതികൾക്കാണ് ബഡ്ജറ്റ് പ്രാധാന്യം നൽകിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ കമ്മറ്റി മുമ്പാകെ അവതരിപ്പിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ ജീവിത ശൈലി രോഗങ്ങളാൽ ഉഴലുന്ന വ്യക്തികൾക്ക് ആശ്വാ സമായി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള നുതനമായ പദ്ധതിയാണ് യോഗപരിശീ ലനം. ഇതിനായി വനിതാ ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക്

പ്രത്യേകം പ്രോജക്ടുകൾ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആരോഗ്യ രംഗത്തെ സവിശേഷമായ ഒരു കാൽവയ്പ്പാണ് ഇളംദേശം എഫ്.എച്ച്.സി. യിൽ സായാഹ്ന ഒ.പി. ആരംഭിക്കുവാനുള്ള പദ്ധതി. ഈ സായാഹ്ന ഒ.പി. വഴി രോഗികൾക്ക് കൂടുതൽ സമയം ഡോക്ടറുടെ സേവനം ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി നിയമിക്കുന്ന ഡോക്ടർക്കും ഫാർമസിസ്റ്റിനും വേതനം നൽകുന്നതിനുള്ള 10,00,000/- രൂപ 2023-24 വാർഷിക പദ്ധതിയിൽ പ്രത്യേകം വക ചേർത്തിട്ടുള്ളതാണ്.

ABC പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായ്ക്കളുടെ വർദ്ധിച്ചുവരുന്ന എണ്ണം മൂലമുള്ള ഭീഷണിയെ നേരിടുന്നതിന് ഈ വാർഷിക പദ്ധതിയിൽ 5,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്.

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ സി.ഡി.പി.ഒ, എ.ഡി.എ., എൽ.എസ്.ജി.ഡി. അസി.എക്സി.എഞ്ചിനീയറുടെ ഓഫീസ്, എഫ്.എച്ച്.സി., ഇളംദേശം പ്രീ മെട്രിക് ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളുടെ ദൈനംദിന ചിലവുകൾക്കായും, അറ്റകുറ്റ പണികൾക്കായും മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രത്യേകം തുകകൾ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതു കലാരൂപങ്ങൾ ഇന്ന് സംരക്ഷിക്കപ്പെടാതെ വരുന്ന സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അവ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 600000/- രൂപയുടെ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ ഉന്നമനത്തിന് എന്നും പ്രാധാന്യം നൽകിവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നത് വഴി ഇത്തവണയും ആ പതിവ് നിലനിർത്തി. ഇതിന്റെ ഭാഗമായി , പട്ടികജാതി വിഭാഗത്തിന് 26 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 14 ലക്ഷം രൂപയുമാണ് പ്രോജക്ടിൽ വകയിരുത്തുന്നത്.

ഭവന രഹിതർക്ക് വീട് എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ എക്കാലത്തേയും മുൻഗണനയാണ്. പി.എം.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 വർഷത്തിൽ ജനറൽ, പട്ടികജാതി , പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 100 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിനായി ഒരു കോടി ഇരുപത് ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു എന്ന കാര്യവും ഇവിടെ പ്രത്യേകമായി പരാമർശിക്കുന്നു.



കൂടാതെ ലൈഫ് പദ്ധതിക്കുള്ള ബ്ലോക്ക് വിഹിതമായി ജനറൽ വിഭാഗത്തിൽ 49,50,000/- രൂപയും, പട്ടികജാതി വിഭാഗത്തിൽ 13,56,800/- രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 19,08,000/- രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ വരുന്ന 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പേരിലുള്ള സംയുക്ത നെൽകൃഷി പദ്ധതിക്കായി 1100000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഹെക്ടർ ഒന്നിന് 12500/- രൂപ എന്ന നിരക്കിൽ കൂലി ചെലവ് സബ്സിഡിയായി നൽകുന്ന, ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് നടത്തുന്ന, ഈ സംയുക്ത പദ്ധതി നെൽകൃഷിക്കാർക്ക് ഒരു കൈത്താങ്ങാണ്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമ പഞ്ചായത്തുകളിലേയും കിടപ്പ് രോഗികൾക്ക് സാന്ത്വനമായിരുന്ന പാലിയേറ്റീവ് പരിചരണം പദ്ധതി വരും വർഷവും തുടരുന്നതിനായി 1500000/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. മുൻ വർഷങ്ങളിലും ഏറ്റവും ഉത്തരവാദിത്വപൂർവ്വം ഈ പദ്ധതി നടത്തി വന്നിരുന്നു എന്നുള്ളത് എടുത്ത് പറയേണ്ടതാണ്. കൂടാതെ സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 4.5 ലക്ഷം രൂപയും വകയിരുത്തുന്നു.

ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് താങ്ങായി ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് 2100000/- ലക്ഷം രൂപയുടെ സ്കോളർഷിപ്പ് പദ്ധതിയും ഈ ബഡ്ജറ്റിൽ വകയിരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷീര മേഖലയിലും ബ്ലോക്ക് പഞ്ചായത്ത് നൽകിവരുന്ന സംഭാവനകൾ വരും വർഷങ്ങളിലും തുടർന്നുകൊണ്ട് പോകുന്നതിനായി ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനു വേണ്ടി 3551650/- രൂപയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായിട്ടുള്ള പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നു. ടി പദ്ധതി ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്.

കൂടാതെ, മിനി ഡയറി ഫാം ആധുനികവൽക്കരണം എന്ന പദ്ധതിയിലൂടെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കന്നുകാലി പരിപാലനത്തിനായി വനിതകൾക്ക് പ്രത്യേക പദ്ധതിയും ബഡ്ജറ്റ് ലക്ഷ്യമിടുന്നു. ഇതിനായി 17 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് ക്ഷീരമേഖലക്ക് ബ്ലോക്ക് പഞ്ചായത്ത് നൽകുന്ന പ്രാധാന്യം എടുത്ത് കാണിക്കുന്നതാണ്.

3008000/- രൂപയുടെ വിവിധ പദ്ധതികളിലൂടെ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ടോയ്‌ലറ്റ് സൗകര്യം ഏർപ്പാടാക്കുന്നത് വഴി ശുചിത്വമേഖലയിലും മികച്ച സംഭാവന നൽകുന്നു. വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ സി.കെ.വി.എച്ച്.

എസ്.എസ്., എസ്.ജെ.എൽ.പി.സ്കൂൾ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ കാളിയാർ ഗവ. ടെക്നിക്കൽ സ്കൂൾ, എസ്.എൻ. വി.എച്ച്.എസ്.സ്കൂൾ, കുടയത്തൂർ ഗ്രാമ പഞ്ചായത്തിലെ സെന്റ് അഗസ്റ്റിൻ സ്കൂൾ, ഗവ. ഹൈസ്കൂൾ, കുടയത്തൂർ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കുടിവെള്ള പദ്ധതികൾക്കായി 3008000/- രൂപയുടെ വിവിധ പ്രോജക്ടുകളും തയ്യാറാക്കിയിട്ടുണ്ട്.കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിലെ തൊമ്മൻകുത്ത് കുടിവെള്ള പദ്ധതി, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിലെ അമയപ്ര കുടിവെള്ള പദ്ധതി, ബൗണ്ടറി കുടിവെള്ള പദ്ധതി, കുടയത്തൂർ ഗ്രാമ പഞ്ചായത്തിലെ ചക്കിക്കാവ് ഗ്രീൻവാലി കുടിവെള്ള പദ്ധതി, വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ കുളമാവ് നാളിയാനി കുടിവെള്ള പദ്ധതി, കോടിക്കുളം ഗ്രാമ പഞ്ചായത്തിലെ മാൻകുന്ന് അരുണ്ണയം കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾക്കാണ് ഈ വർഷം തുക വകയിരുത്തിയിട്ടുള്ളത്.

അംഗൻവാടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി 15 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ ഏതാണ്ട് 63 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി പ്രദേശിക വികസനത്തിനും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പ്രത്യേകം പരിഗണന നൽകിയിരിക്കുന്നു. ആലക്കോട് പഞ്ചായത്തിലെ അഞ്ചിരി-വേങ്ങാപ്പാറ റോഡ് പുനരുദ്ധാരണം, വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ വെള്ളിയാമറ്റം -കറുകപ്പള്ളി ലിങ്ക് റോഡ് പുനരുദ്ധാരണം, ഇഞ്ചക്കാട്ട്ക്കവല - മേത്തൊട്ടി റോഡ് പുനരുദ്ധാരണം, വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ സി.എസ്.ഐ.പള്ളി ഒടിയപാറ റോഡ് പുനരുദ്ധാരണം, കീരങ്കുഴിപ്പാറ - താന്നിമാരിത്തണ്ട് റോഡ് പുനരുദ്ധാരണം, തറപ്പേൽപ്പടി - കളത്തിമറ്റം റോഡ് പുനരുദ്ധാരണം, കുടയത്തൂർ ഗ്രാമ പഞ്ചായത്തിലെ കാഞ്ഞാർ എസ്.സി. കോളനി റോഡ് പുനരുദ്ധാരണം, മുടയാനി എസ്.സി.കോളനി റോഡ് പുനരുദ്ധാരണം, കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിലെ കരിമണ്ണൂർ പ്രീമെട്രിക് റോഡ്, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിലെ മൂലക്കാട് - കാക്കരയാനിക്കൽ റോഡ് പുനരുദ്ധാരണം എന്നീ പദ്ധതികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് സ്ത്രീ ശാക്തീകരണത്തിനായി വിവിധ പദ്ധതികളാണ് ലക്ഷ്യമിടുന്നത്. തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ത്രീകൾക്ക് കൃത്യമായ വരുമാനവും അംഗീകാരവും സമൂഹത്തിൽ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീ ശാക്തീകരണം കൂടുതൽ ശക്തമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 21 ലക്ഷം രൂപയുടെ വായ്പാ പദ്ധതിയും വിഭാവനം ചെയ്യുന്നു. ജനറൽ വിഭാഗത്തിൽ അഞ്ച് ഗ്രൂപ്പുകൾക്കും ,



പട്ടികജാതി വിഭാഗത്തിൽ രണ്ട് ഗ്രൂപ്പുകൾക്കും പ്രോജക്ട് തുകയുടെ 75 % സബ്സിഡിയായി നൽകുന്നതാണ് ഈ പദ്ധതി.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി 7 പ്രവർത്തികൾക്കായി 70 ലക്ഷം രൂപയും എം.എൽ.എ.എസ്.ഡി.എഫ്. പദ്ധതിയിൽപ്പെടുത്തി 6 പ്രവർത്തികൾക്കായി 20 ലക്ഷം രൂപയും എം.എൽ.എ.എഡി.എസ്. പദ്ധതിയിൽപ്പെടുത്തി 5 പ്രവർത്തികൾക്കായി 40 ലക്ഷം രൂപയും എം.പി.എൽ.എ.ഡി പദ്ധതിയിൽപ്പെടുത്തി 5 പ്രവർത്തികൾക്കായി 35 ലക്ഷം രൂപയും വരവ് പ്രതീക്ഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏതാനും കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വാടക, ടെണ്ടർ ഫോറങ്ങളുടെ വില, ലേല ആദായം തുടങ്ങിയ പരിമിതമായ വരുമാനം ഒഴിച്ചാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാർ അനുവദിക്കുന്ന ഫണ്ടുകളെ മാത്രം ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

ഇതിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ നമ്മുടെ വികസന പ്രവർത്തനങ്ങളെ പലപ്പോഴും പ്രതികൂലമായി ബാധിക്കുന്നുവെങ്കിലും ഏറ്റെടുത്ത പദ്ധതികൾ എല്ലാം ഫലപ്രാപ്തിയോടെ പൂർത്തീകരിക്കുവാൻ നമുക്ക് സാധിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കാം.

അതിന് ഉത്തമ ഉദാഹരണമാണ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിച്ച തെങ്ങിൻ തൈ നേഴ്സറി. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ ഈ പദ്ധതി മൂലം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പഞ്ചായത്തുകളിലെ ഒട്ടേറെ പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് മികച്ച ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യാൻ സാധിച്ചു.

വീണ്ടും മെച്ചപ്പെട്ട നിലവാരത്തിലുള്ള കമുകിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയും ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

2022-23 സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിച്ച് നൽകുകവഴി ശുചിത്വമേഖലയിലും ബ്ലോക്ക് പഞ്ചായത്തിന്റെ തനതായ സംഭാവന നൽകി.

രാഷ്ടപിതാവിനോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ ഒരു ഗാന്ധിപ്രതിമ സ്ഥാപിക്കുക എന്നുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ചിരകാല സ്വപ്ന പദ്ധതികളിൽ ഒന്നായിരുന്നു. ഈ സ്വപ്നം സാക്ഷാത്കരിക്കാൻ ഈ വർഷം ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചു.

അംഗൻവാടി കുട്ടികൾക്ക് മെത്തയും അംഗനവാടിക്ക് സ്മാർട്ട് റ്റി.വി.യും അനുബന്ധ ഉപകരണങ്ങളും വാങ്ങിനൽകുന്നതിനുള്ള 18 ലക്ഷം രൂപയുടെ ബൃഹത്തായ പദ്ധതി തയ്യാറാക്കിയതുവഴി സാമൂഹ്യസുരക്ഷാ രംഗത്ത് ശക്തമായ മുന്നേറ്റമാണ് ബ്ലോക്ക് പഞ്ചായത്ത് നടത്തിയത്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി

ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുക എന്ന 2056280/- രൂപയുടെ പദ്ധതിയും ഈ മേഖലയിൽ ശ്രദ്ധയാർജിച്ചു.

വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി 14,24,500/- രൂപയുടെ പഞ്ചായത്ത് വിഹിതം നൽകുന്ന പദ്ധതികൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രമത്തിന് ഉദാഹരണങ്ങളാണ്.

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽവരുന്ന വിവിധ പഞ്ചായത്തുകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഏകോപിപ്പിച്ച് പ്രകൃതി സൗഹൃദ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് വഴിയൊരുക്കുവാനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ഇളംദേശം ബ്ലോക്ക് എക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

**2023 - 24 സാമ്പത്തിക വർഷം ആകെ 36,98,28,722/-(മുപ്പത്തിയാറ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുനൂറ്റി ഇരുപത്തിരണ്ട്) രൂപയുടെ വരവും, 36,91,39,596/-(മുപ്പത്തിയാറ് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയാറ് ) രൂപയുടെ ചെലവും, 6,89,126/-(ആറ് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി ഇരുപത്തിയാറ്) രൂപയുടെ മിച്ചവും പ്രതീക്ഷിക്കുന്നു.**



# ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് - 2023-24

## വരവുകൾ

| വരവിനം | 2021-22 വർഷത്തെ യഥാർത്ഥ വരവുകള് | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23) | 2023-2024 വർഷത്തെ ബജറ്റ് |
|---|---|---|---|
| തനത് റവന്യൂ | | | |
| റവന്യൂ നികുതികൾ | ഇല്ല | ഇല്ല | ഇല്ല |
| **ആകെ റവന്യു നികുതികൾ** | **ഇല്ല** | **ഇല്ല** | **ഇല്ല** |
| നികുതിയിതര റവന്യൂ | | | |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | **144152** | 155710 | 171281 |
| ടെണ്ടർ ഫാറങ്ങൾ വിൽപ്പന | **164140** | 175000 | 192500 |
| മറ്റ് ലേല/വിറ്റ് വരവുകൾ | **31500** | 40000 | 44000 |
| ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ് | **18077** | 20000 | 22000 |
| **ആകെ നികുതിയിതര റവന്യൂ** | **357869** | **390710** | **429781** |
| ജനറൽ പർപ്പസ് ഫണ്ട് | | | |
| ജനറൽ പർപ്പസ് ഫണ്ട് (തന് വർഷം ലഭിച്ചത്) | **5636000** | **6312000** | 7069000 ✓ |
| ജനറൽ പർപ്പസ് ഫണ്ട് (മുൻ ബാക്കി) | **6815176** | 7888205 | **5097345** ✓ |
| **ആകെ ജനറൽ പർപ്പസ് ഫണ്ട്** | **12451176** | **14200205** | **12166345** |
| **ആകെ ജനറൽ പർപ്പസ് ഫണ്ട് + നികുതിയിതര റവന്യൂ** | **12809045** | **14590915** | **12596126** |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ(നോൺ പ്ലാൻ) | | | |
| മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) | 4739250 | 6438000 | 2168000 |
| ദേശീയ സമ്പാദ്യ പദ്ധതി | 6755326 | 7102335 | 7500000 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി | **2017717** | **3738634** | 7000000 |
| കേരളോത്സവം (യുവജന ക്ഷേമ ബോര്ഡില് നിന്നുള്ള വരവ് ) | 0 | 100000 | 125000 |
| **ആകെ** | **13512293** | **17378969** | **16793000** |
| സംസ്ഥാനാവിഷ്കൃത സ്കീം ഫണ്ടുകൾ (പ്ലാൻ) | | | |
| എം.എൽ.എ.എസ്.ഡി.എഫ് സ്കീം | 0 | 0 | 2000000 |
| MLA ADS | 0 | 0 | 4000000 |
| **ആകെ** | **0** | **0** | **6000000** |
| കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | **186059000** | **185994000** | **254421596** |
| പി.എം.എ.വൈ (കേന്ദ്രവിഹിതം) | **4896000** | **4728000** | **11520000** |
| എം.പി..എൽ.എ .ഡി പദ്ധതി | 0 | 0 | **3500000** |

AJAI A.J
Secretary
...lamdesom

| വരവിനം | 2021-22 വർഷത്തെ യഥാർത്ഥ വരവുകൾ | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23) | 2023-2024 വർഷത്തെ ബജറ്റ് |
|---|---|---|---|
| **ആകെ** | **190955000** | **190722000** | **269441596** |
| വികസന ഫണ്ട് | | | |
| ഡവലപ്മെന്റ് ഫണ്ട് ജനറൽ | 20239200 | 24600000 | 24221000 |
| ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി | 5211000 | 5724000 | 5724000 |
| ഡവലപ്മെന്റ് ഫണ്ട് ടി.എസ്.പി | 4597000 | 5058000 | 5058000 |
| CFC Untied | 3881542 | 3966000 | 4011000 |
| CFC Tied | 5744000 | 5949000 | 6016000 |
| **ആകെ** | **39672742** | **45297000** | **45030000** |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 490000 | 10395000 | 11648000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 1471649 | 8320000 | 8320000 |
| | | | |
| ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | 1961649 | 18715000 | 19968000 |
| **ആകെ വരവുകൾ** | **258910729** | **286703884** | **369828722** |



# ചെലവുകൾ

| ചെലവിനം | 2021-22 വർഷത്തെ യഥാർത്ഥ ചെലവുകൾ | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23) | 2023-24 വർഷത്തെ ബജറ്റ് |
|---|---|---|---|
| തനത് റവന്യുവിൽ നിന്നുള്ള നിർബന്ധിത ചെലവുകൾ | | | |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | | |
| പ്രസിഡന്റിന്റെ ഹോണറേറിയം | 186200 | 187200 | 215000 |
| വൈസ് പ്രസിഡന്റിന്റെ ഹോണറേറിയം | 155000 | 156000 | 179000 |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറേറിയം | 349800 | 352800 | 406000 |
| മെമ്പർമാരുടെ ഹോണറേറിയം | 817600 | 825600 | 949000 |
| പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 2902 | 3000 | 3250 |
| വൈസ്പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 2901 | 3000 | 3250 |
| പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 15500 | 15000 | 17000 |
| വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 13500 | 15000 | 17000 |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ് | 29446 | 45000 | 52000 |
| മെമ്പർമാരുടെ സിറ്റിംഗ് അലവൻസ് | 69500 | 96000 | 110000 |
| പ്രസിഡന്റിന്റെ യാത്രപ്പടി | 9520 | 35000 | 40000 |
| വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി | 3136 | 6000 | 7500 |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി | 7760 | 15000 | 18000 |
| മെമ്പർമാരുടെ യാത്രപ്പടി | 21782 | 50000 | 58000 |
| ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം | 317114 | 203000 | 223000 |
| സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി | 21366 | 20000 | 23000 |

| | | | |
|---|---|---|---|
| ദിവസ വേതനക്കാർക്കുള്ള യാത്രാപടി | 12540 | 20000 | 23000 |
| സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ് | 2648 | 3000 | 3000 |
| **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | **2038215** | **2050600** | **2347000** |
| ഭരണപരമായ ചെലവുകൾ | | | |
| ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് | 67963 | 75000 | 86000 |
| ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ | 13679 | 15000 | 17000 |
| മറ്റ് ഓഫീസ് ചിലവുകൾ | 428807 | 450000 | 500000 |
| ഓഫീസിന്റെ ടെലിഫോണ്/ഇന്റർനെറ്റ് ചാർജ്ജ് | 51900 | 52000 | 75000 |
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ് | 1136 | 4000 | 5000 |
| തപാൽ ചിലവുകൾ | 4000 | 6000 | 6000 |
| പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ | 6358 | 7500 | 10000 |
| പ്രിന്റിങ് ചിലവുകൾ | 25308 | 30000 | 50000 |
| സ്റ്റേഷനറി ചിലവുകൾ | 16519 | 25000 | 29000 |
| ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക | 39305 | 52000 | 60000 |
| ഓഡിറ്റ് ഫീസ് | 10000 | 10000 | 12000 |
| ISO കൺസൾട്ടൻസി ചിലവുകൾ | 0 | 35000 | 35000 |
| കേരളോത്സവം(തനതു ഫണ്ടിൽ നിന്നുള്ള ചെലവ് ) | 0 | 150000 | 175000 |
| വർക്ക് ഷോപ്പുകളും സെമിനാറുകളും /എം.എൽ.എ /എം.പി പങ്കെടുക്കുന്ന ഔദ്യോഗിക ചടങ്ങുകൾ | 73780 | 100000 | 150000 |
| ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | 1948 | 5000 | 7000 |
| കെട്ടിട നികുതി/ഭൂനികുതി | 14821 | 15000 | 18000 |
| ലീഗൽ ചാർജ്ജസ് | 10000 | 10000 | 15000 |
| പഞ്ചായത്ത് അസോസിയേഷൻ വരിസംഖ്യ | 6000 | 7000 | 15000 |



| | | | |
|---|---|---|---|
| പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് | 121782 | 165000 | 220000 |
| ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ് | 112473 | 200000 | 220000 |
| ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തതിന്റെ ചിലവ് | 284970 | 181243 | 150000 |
| വാഹനങ്ങളുടെ റിപ്പയർ, മെയ്ന്റനൻസ് ചെലവുകൾ | 71940 | 75000 | 125000 |
| ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ് | 33820 | 56485 | 80000 |
| **ആകെ ഭരണപരമായ ചെലവുകൾ** | **1396509** | **1726228** | **2060000** |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ | | | |
| പദ്ധതി ചെലവുകൾ | 1486116 | 5716742 | 7500000 |
| **ആകെ** | **1486116** | **5716742** | **7500000** |
| **ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ** | **4920840** | **9493570** | **11907000** |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകള് (നോൺ പ്ലാന്) | | | |
| മെയ്ന്റനൻസ് - റോഡിതര ആസ്തികൾ | 4739250 | 6438000 | 2168000 |
| ദേശീയ സമ്പാദ്യ പദ്ധതി | 6755326 | 7102335 | 7500000 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി | **2017717** | **3738634** | 7000000 |
| കേരളോത്സവം (യുവജന ക്ഷേമബോർഡ് വിഹിതത്തിൽ നിന്നുള്ള ചിലവ്) | 0 | 100000 | 125000 |
| **ആകെ** | **13512293** | **17378969** | **16793000** |
| സംസ്ഥാനാവിഷ്കൃത സ്കീം ഫണ്ടുകൾ (പ്ലാന്) | | | |
| എം.എല്.എ.എസ്.ഡി.എഫ് സ്കീം | 0 | 0 | 2000000 |
| MLA ADS പദ്ധതി | 0 | 0 | 4000000 |
| **ആകെ** | **0** | **0** | **6000000** |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | **186059000** | **185994000** | **254421596** |
| പി.എം.എ.വൈ (കേന്ദ്രവിഹിതം) | **4896000** | **4728000** | **11520000** |
| എം.പി..എല്.എ .ഡി പദ്ധതി | | 0 | 3500000 |
| **ആകെ** | **190955000** | **190722000** | **269441596** |

| വികസന ഫണ്ട് | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറല്) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 8648017 | 5904000 | 5813040 |
| സേവന മേഖല പദ്ധതികൾ | 9131672 | 13776000 | 13563760 |
| പശ്ചാത്തല മേഖല പദ്ധതികൾ | 2459511 | 4920000 | 4844200 |
| വികസന ഫണ്ട് (പട്ടികജാതി വിഭാഗം) | | | |
| ഉത്പാദന മേഖല പദ്ധതികൾ | **1177738** | 4006800 | 4006800 |
| സേവന മേഖല പദ്ധതികൾ | **2778604** | | |
| പശ്ചാത്തല മേഖല പദ്ധതികൾ | 1254658 | 1717200 | 1717200 |
| വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 136260 | 3540600 | 3540600 |
| സേവന മേഖല പദ്ധതികൾ | 4073727 | | |
| പശ്ചാത്തല മേഖല പദ്ധതികൾ | 387013 | 1517400 | 1517400 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | |
| അടിസ്ഥാന ഗ്രാന്റ് (Untied) | 3208530 | **3966000** | 4011000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied) | 4958648 | **5949000** | 6016000 |
| | | | |
| **ആകെ** | **38214378** | **45297000** | **45030000** |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | **490000** | **10395000** | 11648000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | **1471649** | 8320000 | 8320000 |
| ***ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ*** | **1961649** | **18715000** | **19968000** |
| **ആകെ ചെലവുകൾ** | **249564160** | **281606539** | **369139596** |
| നീക്കിയിരിപ്പ് | 93,46,569 | | 689126 |



## ഉപസംഹാരം

പഞ്ചായത്ത്‌രാജ് ആക്ട് ലക്ഷ്യമിടുന്ന സമഗ്രവികസനം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉത്തരവാദിത്വം കൃത്യതയോടെ നടപ്പിലാക്കുന്ന പ്രക്രീയയിൽ നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് നിർണ്ണായക പങ്ക് വഹിക്കുന്നു. ലഭ്യമായ ഫണ്ടുകൾ എല്ലാ വിഭാഗങ്ങൾക്കും എല്ലാ മേഖലകൾക്കും തുല്യമായി എത്തിക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ 2023-24 വാർഷിക ബഡ്ജറ്റ് കമ്മറ്റിയുടെ വിശദമായ ചർച്ചകൾക്കും വിശകലനത്തിനും അംഗീകാരത്തിനുമായി സമർപ്പിച്ചുകൊള്ളുന്നു.

**ഷൈനി സന്തോഷ്**
**വൈസ് പ്രസിഡന്റ് ,**
**ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ**
**ബ്ലോക്ക് പഞ്ചായത്ത് , ഇളംദേശം**